ദളം




1ജി എച്ച് എസ് ചേനാട്

സാങ്കേതികവിദ്യ വികസനത്തിൻെറ ഉന്നതിയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണല്ലോ ചേനാട് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അതിൻെറ പ്രവർത്തനമേഖലകളിലും

മുന്നേറിക്കൊണ്ടിരിക്കുകയാണ്. കൈറ്റിൻെറ ഡിജിറ്റൽ

മാഗസിൻ -എന്ന പുതിയ സംരംഭത്തിന് എല്ലാ വിധ

ആശംസകളും നേർന്നുകൊള്ളുന്നു .

ഹെഡ്മിസ്ട്രസ്സ്.

*നമ്മുടെ നിത്യജീവിതത്തിൻെറ എല്ലാ മേഘലയിലും വിവരസാങ്കേതികവിദ്യ വിപ്ലവ കരമായ മാറ്റങ്ങൾ വരുത്തിയ ഒരു കാല ഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിദ്യാർ ത്ഥികളെ വിജ്ഞാനത്തിൻെറയും ഉത്സാഹ ത്തിൻെറയും ചിന്തയുടെ ലോകത്തേക്ക് ചുവടുവയ്ക്കാൻ ചേനാട് ഗവ: ഹൈസ്കൂളിൻെറ ഡിജിറ്റൽ മാഗസിന് കഴിയട്ടെ.*

*ആശംസകളോടെ*

*സീനിയർ അസിസ്റ്റൻറ്*

*സുനിൽ സാർ.*

ചേനാട് ഗവ : ഹൈസ്കൂളിലെ ലിറ്റിൽ
കൈറ്റ്സ് ക്ലബ്ബ് ഐടി ആനന്തസാധ്യതകൾ പ്രയോജ -
പ്പെടുത്തിനിർവധി നൂതന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച്
വരികയാണ്. ഈ അധ്യയനവർഷവും ശാസ്ത്ര
സങ്കേതിക മേഖലയിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥി -
കൾ സ്വയത്തമാക്കിയഅറിവുകൾ പ്രയോജനപ്പെടുത്തി
ഡിജിറ്റൽ മാഗസിൻ രൂപപ്പെടുത്തുന്നു എന്നറിഞ്ഞതിൽ
ഏറെ സന്തോഷം തോന്നുന്നു .

"ദളം" എന്ന മാഗസിൻെറ പിന്നിൽ
പ്രവർത്തിച്ച മുഴുവൻ ക്ലബ്ബ് അംഗങ്ങളെയും
കൈത്താങ്ങായ അധ്യാപകരെയും
അഭിനന്ദിക്കുന്നതോടൊപ്പം ഈ സംരംഭത്തിന് എല്ലാ
വിധ ആശംസകളും അർപ്പിക്കുന്നു.

സ്റ്റാഫ് സെക്രട്ടറി
ഷാജി സാർ

# മാഗസിന്റെ പിന്നിൽ

അഭിതമോൾ  പി എച്ച്

അജിത എം എസ്

രജിത രാജൻ

അഭിരാം എം എസ്

## ഉള്ളടക്കം

അമ്മയായി മാറുന്ന പെൺകുട്ടി.........................................7

എന്റെ ഓർമ്മകൾ.........................................................8

POSTER..............................................................9
കഴിഞ്ഞുപോയ കാലം..........................................................10

വാക്കുകൾ വിടരുന്ന പുലരികൾ..............................................11

തുടിതാളം തേടി...................................................................12

SAVE EARTH.......................................................13
നിലാവു പെയ്യുന്ന നാട്ടുവഴികൾ..................................................14

പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ.........................................15

POSTER..................................................................16
വിദ്യാലയത്തിലേക്കുള്ള വഴി ..................................................... ..17

SAVE GENERATION...........................................................18
അമ്മയായി മാറുന്ന പെൺക്കുട്ടി....................................................19

എന്റെ  ഇന്നലകൾ.................................................................20

മാണിക്യവീണ.........................................................................21

കമ്പ്യൂട്ടർ പരിശീലനം.......................................................................22

POSTER........................................................................23
POSTER.........................................................................24
POSTER..........................................................................25

# *അമ്മയായി മാറുന്ന പെൺകുട്ടി*

എനിക്കും ഉണ്ടൊരു കൂട്ടുകാരി
അവൾ പഠിച്ചുപഠിച്ച് വലിയ
ഉയരങ്ങളിലെത്തി.
അവൾ സ്വന്തം കുഞ്ഞായ്
പോറ്റുന്നൊരു പെൺകുഞ്ഞ്.
അവളാണ് പെൺകുട്ടി.
മഞ്ഞപ്പുടവയുടുത്തെത്തും
സ്വന്തം കുഞ്ഞല്ലാത്ത കുഞ്ഞിനെ
അവൾ സ്വന്തം കുഞ്ഞായി വാഴിച്ചു.
രാജകുമാരിയായി വാഴിച്ചു.

അവൾ മാനത്തുയർന്ന് പറന്നു.
അതുകണ്ട് ആ അമ്മ രസിച്ചു.
അവളൊരു പെൺകുട്ടി
അവളെന്നും ഒരു പെൺകുട്ടി.

രജിത രാജൻ
9:A

# എൻെറ ഓർമ്മകൾ

ആദ്യമായ് ഞാൻ  വിദ്യാലയത്തിൽ
വന്നത് ഓർക്കുന്നു .
അച്ഛ്ൻെറ കൈപ്പിടിച്ച്
പുസ്ത്ക സഞ്ചിയുമായ്
ഭയമോ ഉത്കണ്ഠയോ
സന്തോഷമോ എന്തോ ?
എന്താണറിയാതെ
അക്ഷരം പഠിച്ചുഞാൻ
അറിവിൻ ചിറകിലോറി ഞാൻ
വെട്ടം പകരുന്ന മിന്നാമിന്നിയായ്
എങ്ങും പാറിപറന്നു

അഭിരാം എം എസ്

ദളം




9ജി എച്ച് എസ് ചേനാട്

# കഴിഞ്ഞുപോയ കാലം

*കഴിഞ്ഞുപോയകാലങ്ങളോർക്കുമ്പോൾ*
*എന്റെ മനസ്സ് തുടിതടിക്കും*
*രാത്രികാലങ്ങളിൽ നോക്കിച്ചിരിക്കു*
*അമ്പിളിയും മിന്നും താരകങ്ങളും*
*ഓർമകൾ തിങ്ങിനിറഞ്ഞടും ഇടനെഞ്ചിൽആയിരം ഓർമ്മകൾ*
*ഓടിയെത്തും*
*പുസ്തകത്തളിൽ മയിൽപീലിവച്ചതും*
*കൊച്ചുമഞ്ചാടിപെറുക്കിയെടുത്തതും*
*കുഞ്ഞുമനസ്സുകൾ തേങ്ങിക്കരയുമ്പോൾ*
*അമ്മ മനസ്സ് പിടപിടയ്ക്കും*
*അറിവായ് വാത് സല്യമായ്*
*അമ്മയെൻ അരികെ എന്നുമുണ്ട്..*

10ജി എച്ച് എസ് ചേനാട്

# വാക്കുകൾ വിടരുന്ന പുലരികൾ

നന്മകൾ കേട്ടതു കണ്ടതു

ചൊല്ലാൻ നാക്കിനു കഴിയട്ടെ .

തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ

കൊക്കിനു കഴിയട്ടെ .

തത്തമ്മ (അയ്യപ്പപ്പണിക്കർ )

# തുടിതാളം തേടി ...

നമ്മുടെ മാതാവ് - കൈരളി - പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ -
റോടിക്കളിച്ചു രസിച്ച കാലം -
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)

ദളം



# നിലാവുപെയ്യുന്ന നാട്ടുവഴികൾ

നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർ പാർക്കുന്നെങ്കിൽ
നീയും നന്നേ, വാഴ്ക നിലമേ...

# പൂക്കളൊക്കയും വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ
ക്കിരയുമായിതാ തിടുക്കത്തിൽ പറ -
ന്നണയുന്നു ചുറ്റിപ്പറന്നഴലുന്നു
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു ?

നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു ?

ദളം



# വിദ്യാലയത്തിലേക്കുള്ള വഴി

*കഴിഞ്ഞുപോയ ഓർമ്മകൾ*

*മനസ്സിൽ ഓടിയെത്തി .*

*മാറിമറഞ്ഞ ചിത്രം*

*മനസ്സ് വീണ്ടെടുത്തു*

*ഓർത്തിടുന്നു ഓർത്തിടുന്നു*

*പഴയ കുട്ടിക്കാലം*

*എൻ മനസ്സിൽ ഓടിടുന്നു*

*എൻ മനസ്സിൽ കുതിച്ചിടുന്നു*

*കുസൃതി നിറഞ്ഞ ബാല്യങ്ങൾ*

*കൂട്ടുകാരെ ഓർത്തിടുന്ന*

*കുസൃതി കുട്ടിക്കാം*

*ഇണക്കമായ് പിണക്കമായ്*

*മാറി മറിഞ്ഞ കാലം*

*കാത്തിരുന്നു കാത്തിരുന്നു*

*വളർന്നു നീണ്ടുപോയി*

*ഉയർച്ചയേറി മുന്നിൽ*

*അറിവായ് സാന്ത്വനമായ്...*

ദളം



# അമ്മയായി മാറുന്ന പെൺകുട്ടി

എനിക്കും ഉണ്ടൊരു കൂട്ടുകാരി
അവൾ പഠിച്ചുപഠിച്ച് വലിയ
ഉയരങ്ങളിലെത്തി .
അവൾ സ്വന്തം കുഞ്ഞായ്
പോറ്റുന്നൊരു പെൺകുഞ്ഞ്
അവളാണ് പെൺകുട്ടി.
മഞ്ഞപ്പുടവയുടുത്തെത്തും
സ്വന്തം കുഞ്ഞല്ലാത്ത കുഞ്ഞിനെ
അവൾ സ്വന്തം കുഞ്ഞായി വാഴിച്ചു
രാജകുമാരിയായി വാഴിച്ചു

അവൾ മാനത്തുയർന്ന് പറന്നു.
അതുകൊണ്ട് ആ അമ്മ രസിച്ചു.
അവളൊരു പെൺകുട്ടി
**അവളെന്നും ഒരു പെൺകുട്ടി.**

# എന്റെ ഇന്നലെകൾ

ഇന്നലെ ഞനൊരു കുഞ്ഞനിയത്തിയായ്
അമ്മയുടെ മാറിൽ ചാഞ്ഞുറങ്ങീ
നാളുകൾ പിന്നെ കടന്നു
പിച്ചവെച്ച നടന്നു ഞാൻ പിന്നെ
കളിച്ചു രസിച്ചു വളർന്നു
സന്തോഷം നിറഞ്ഞോരാ നാളുകൾ
എൻ ബാല്യകാലത്തെ മധുരമാക്കി
വിദ്യാലയത്തിൽ പഠിച്ചു വളർന്നു ഞാൻ
വിദ്യതൻ അമൃതം നുണഞ്ഞു.

അഭിത മോൾ പി.എച്ച്
***9.A***

# മാണിക്യവീണ

വന്ദമം വന്ദനം! മാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം വന്ദനം! ചിത്തം കവർന്നിട്ടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്നു നൂതനോന്മേഷം പകർന്നിട്ടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,
നിന്മൃതപ്പാതിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ
വശ്യമാം ശൈസിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ.

താളമിട്ടാടുന്നു തെങ്കടൽക്കല്ലോല-
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ.,
താനമായ്ത്തീരുന്നു നാളികേരദ്രുമ-
താലപത്രാന്തരമർമ്മരങ്ങൾ.,
ആനന്ദരാഗങ്ങൾ മൂളുന്ന നീളുന്ന
കാനനപ്പൊൽക്കളിർച്ചോലയെല്ലാം.

ദളം










TREES FOR LIFE

ദളം




ജി എച്ച് എസ് ചേനാട്

ദളം


KEEP
AMERICA
BEAUTIFUL
PROTECT
WILDLIFE&
KEEP PUBLIC
LANDS IN
PUBLIC
HANDS

# നന്ദി